**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 19** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പി.എസ്.സി.യിലെ ക്രമക്കേടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ്
ശ്രീമതി ഫാത്തിമ തഹിലിയ
ശ്രീ. പി. കെ. ഫിറോസ്
ശ്രീ. സി. കെ. കാസിം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പരീക്ഷകൾക്ക് ചോദ്യം തയ്യാറാക്കുന്നതിലും ഇന്റർവ്യൂ ഉൾപ്പെടെയുള്ളവയ്ക്ക് മാർക്കിടുന്നതിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്ന ആക്ഷേപം പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുതരത്തിലുള്ള അന്വേഷണമാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ സ്റ്റേറ്റ് പ്ലാനിങ് ബോർഡിലെ ചീഫ് തസ്തികയിലേക്കുള്ള പരീക്ഷാ മൂല്യനിർണയത്തിലെ ക്രമക്കേട് ആരോപിച്ച് ലഭിച്ച പരാതികൾ സംബന്ധിച്ച് ആരോപണ വിധേയർക്കെതിരെ കൂടുതൽ അന്വേഷണം നടത്തേണ്ടത് അനിവാര്യമാകയാൽ 1988 ലെ അഴിമതി നിരോധന നിയമം സെക്ഷൻ 17 പ്രകാരമുള്ള അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് 8/7/2026 ലെ **സ.ഉ (കൈ) നമ്പർ 128/2026/Home** നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം) ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് വിവിധ കാലഘട്ടങ്ങളിൽ പി.എസ്.സി നടത്തിയ പരീക്ഷകളുമായും, ഇന്റർവ്യൂകളുമായും, പരീക്ഷാ മൂല്യനിർണ്ണയവുമായും ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് തെളിവുകൾ ശേഖരിച്ചും രേഖകൾ പരിശോധിച്ചും പരാതിക്കാർ ഉൾപ്പെടെയുള്ള സാക്ഷികളിൽ നിന്നും വിവരം ശേഖരിച്ചും അന്വേഷണം നടത്തിവരികയാണ്. കേരള പ്ലാനിങ്ങ് ബോർഡിന് കീഴിലുള്ള ചീഫ് (Industry &nfrastructure) തസ്തികയിലേക്ക് നടന്ന പരീക്ഷ സംബന്ധിച്ച പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് പോലീസ് സ്റ്റേഷൻ ക്രൈം 1505/2026, U/S: 316(5) of BNS 2023 & Section 7(c), 13(1)(a) of Prevention of curruption Act 1988(Amended Act 2018) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പരാതികളിൽ കഴമ്പുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പി.എസ്.സി.യുടെ വിശ്വാസ്യത നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>മറുപടി:</u>** പി.എസ്.സി നടത്തുന്ന പരീക്ഷകളുടെ മുഴുവൻ നടപടി ക്രമങ്ങളെ സംബന്ധിച്ചുള്ള വിശദമായ അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തി വരികയാണ്. അന്വേഷണം പൂർത്തിയാകുമ്പോൾ

വെളിവാകുന്ന വിവരങ്ങൾ ഉൾപ്പെടുത്തി പി.എസ്.സി യുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉൾപ്പെടുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ കർശന തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ്- കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അടുത്ത കാലത്തുണ്ടായ ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (എം) വകുപ്പ്

സ.ഉ.(കൈ) നം.128/2026/HOME തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **DVACB/4320/2026-T2** നമ്പർ കത്ത്.

2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ **07.07.2026**-ലെ **88/2026/ DGP&SPP** നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരളാ പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ചിഫ് തസ്തികളിലേക്കുള്ള പരീക്ഷാ മൂല്യനിർണ്ണയത്തിലെ ക്രമക്കേട് ആരോപിച്ച് ലഭിച്ച പരാതികൾ സംബന്ധിച്ച് ആരോപണവിധേയർക്കെതിരെ കൂടുതൽ അന്വേഷണം നടത്തേണ്ടത് അനിവാര്യമാകയാൽ, **1988**-ലെ അഴിമതി നിരോധന നിയമം സെക്ഷൻ 17 എ പ്രകാരമുള്ള അന്വേഷണ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2. മേൽ വിഷയത്തിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പരാമർശം (2) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെയ്തു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അടുത്ത കാലത്തുണ്ടായ ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതും അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
എ.ഡി.ജി.പി ക്രൈം ബ്രാഞ്ച് (സംസ്ഥാന പോലീസ് മേധാവി മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് ( OA ഇനം. നം. 72 പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (എം3/216/2026/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്
2. ബഹു. ആഭ്യന്തര വിജിലൻസ് കയർ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
3. ഓഫീസർ ഓൺ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
4. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

സെക്ഷൻ ഓഫീസർ